I ഇ.ബി. XIV - കേരള നിയമസഭ /V-18

**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2017 മേയ് 22, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I ഉത്തരത്തിലെ തിരുത്ത്**

നക്ഷത്രചിഹ്നമിട്ട 410, നക്ഷത്രചിഹ്നമിടാത്ത 2300, 3589 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 15.05.2017-ലെ നക്ഷത്രചിഹ്നമിട്ട 410-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ജലവിഭവ വകുപ്പുമന്ത്രിയും 08.05.2017-ലെ നക്ഷത്രചിഹ്നമിടാത്ത 2300-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന

തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും 12.05.2017-ലെ നക്ഷത്രചിഹ്നമിടാത്ത 3589-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് തൊഴിലും എക്സൈസും വകുപ്പുമന്ത്രിയും മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

### H1 N1 പനി

മി. സ്പീക്കർ: സംസ്ഥാനത്ത് H1 N1 പനി ഭീതിജനകമായ രീതിയിൽ പടരുന്ന സാഹചര്യവും അത് നിയന്ത്രിക്കാനുള്ള ക്രിയാത്മകമായ സംവിധാനം വിവിധ ആശുപത്രികളിൽ ഏർപ്പെടുത്താത്തതിനാൽ മരണസംഖ്യ ഉയരുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

` ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ജനുവരി മാസം മുതൽ കേരളത്തിൽ H1 N1 പനി ബാധിതരുടെ വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടനെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി

ആരോഗ്യവകുപ്പ് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2349 രോഗികളെ പരിശോധിച്ചതിൽ 590 പേർ H1 N1 രോഗബാധിതരാണെന്ന് സ്ഥിരീകരിക്കുകയും 40 പേരുടെ മരണം രേഖപ്പെടുത്തുകയുമുണ്ടായി. മരണമടഞ്ഞ 40 പേരിൽ 24 പേർ മറ്റ് ഗുരുതരമായ അസുഖങ്ങളുള്ളവരായിരുന്നു. പനി പരിശോധനയ്ക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി - ആലപ്പുഴ, മണിപ്പാൽ സെന്റർ ഫോർ വൈറസ് റിസർച്ച്, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്നിവിടങ്ങളിൽ സൗകര്യമുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും ഐസൊലേഷൻ സംവിധാനവും മെഡിക്കൽ കോളേജുകളിൽ ഐ.സി. യൂണിറ്റും വെന്റിലേറ്ററും തയ്യാറാക്കുകയും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനവും മരുന്നും ലഭ്യമാക്കുകയും വേണ്ടത്ര ബോധവത്കരണം നടത്തുകയും ചികിത്സാ പ്രോട്ടോകോൾ പൂർണ്ണമായും പാലിക്കണമെന്ന് സ്വകാര്യ ആശുപത്രികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പനി പടരുന്നുവെങ്കിലും ശക്തമായ രീതിയിൽ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതുമൂലം നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ചികിത്സതേടിയശേഷം ഗുരുതരമായി സർക്കാർ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടവരാണ് കൂടുതലും മരണമടഞ്ഞതെന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കഴിയുന്നതും സർക്കാർ ആശുപത്രികളിൽത്തന്നെ രോഗികളെ എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും സ്വകാര്യ

ആശുപത്രികളോട് പനിബാധിതരുടെ എണ്ണം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മന്ത്രിതലത്തിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിച്ചുചേർക്കുകയും ജില്ലാതല പ്രതിരോധ പ്രവർത്തനങ്ങൾക്കായി അടിയന്തര ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. H1 N1 പനി തടയുന്നതിനുള്ള ബോധവത്കരണവും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും നല്ല രീതിയിൽ നടത്തിവരുന്നു. ആരോഗ്യ രംഗത്തെ രോഗപ്രതിരോധ പ്രവർത്തനങ്ങളിലുണ്ടായിട്ടുള്ള പുരോഗതി പരിശോധിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ച് ഉന്നതതല യോഗം ചേരുകയും മുൻകരുതൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടേയും സഹകരണമുണ്ടാകണം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സംസ്ഥാനത്ത് H1 N1 പനി ബാധിച്ച് നിരവധി ആളുകൾ മരണപ്പെടുകയും ആയിരക്കണക്കിന് ആളുകൾക്ക് രോഗം ബാധിക്കുകയും ചെയ്യുന്ന സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഇക്കാര്യം ഗൗരവത്തോടെ കൈകാര്യം ചെയ്തില്ലെങ്കിൽ വളരെ ഗുരുതരമായ അവസ്ഥയിലേയ്ക്ക് കേരളം പോകും. സംസ്ഥാനത്താകെ പകർച്ചപ്പനി വർദ്ധിക്കുകയും മരണസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ആരോഗ്യ വകുപ്പുമന്ത്രി ഇത് വളരെ

നിസ്സാരവത്കരിച്ചാണ് കാണുന്നത്. കേരളത്തിൽ പനിബാധിച്ച് 72-ഓളം ആളുകൾ മരണപ്പെടുകയുണ്ടായി. വായുവിലൂടെ പകരുന്ന ഈ രോഗത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികളോ വേണ്ടത്ര ബോധവത്കരണമോ നടത്തുന്നില്ല. എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും സ്വേബ് ടെസ്റ്റ് ചെയ്യുന്നതിനുള്ള സജ്ജീകരണമുണ്ടാക്കണം. ചികിത്സിക്കുന്ന ഡോക്ടർമാർക്കുതന്നെ രോഗം പകരുന്ന സ്ഥിതിവിശേഷമാണുള്ളത്. പകർച്ചപ്പനി വ്യാപകമാകാനുള്ള പ്രധാന കാരണം പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ നടത്താത്തതുകൊണ്ടാണ്. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പനിക്കെതിരെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിനുപകരം അവിടെ മാലിന്യക്കൂമ്പാരമായി മാറ്റിയിരിക്കുകയാണ്. കഴിഞ്ഞ ഒരു വർഷമായി പദ്ധതികളുടെ പ്രഖ്യാപനങ്ങളല്ലാതെ അടിസ്ഥാനപരമായി ചെയ്യേണ്ട കാര്യങ്ങളിൽ ഗുരുതരമായ വീഴ്ചയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആരോഗ്യ വകുപ്പുമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് മോണിറ്ററിംഗ് സംവിധാനം, ജില്ലകളിൽ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ, ക്രൈസിസ് മാനേജ്മെന്റ് ടീം, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവ സംഘടിപ്പിച്ചിരുന്നു. ഈ ഗവൺമെന്റ് അത്തരത്തിലുള്ള യതൊരു നടപടിയും

സ്വീകരിച്ചില്ല. പ്രൈവറ്റ് ആശുപത്രികളിൽ ചികിത്സാ പ്രോട്ടോക്കോൾ നടപ്പാക്കണമെന്ന ഡി.എച്ച്.എസ്.-ന്റെ സർക്കുലർ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാത്തതും മരുന്ന് ലഭ്യതക്കുറവും അടിയന്തര ചികിത്സ ലഭിക്കാത്തതുമാണ് മരണങ്ങൾക്ക് കാരണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മഴക്കാലപൂർവ്വജന്യ രോഗങ്ങൾ പ്രതിരോധിക്കാനാവശ്യമായ മുൻകരുതലുകൾ എടുത്തിട്ടുണ്ട്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ് മഴക്കാലപൂർവ്വ ശുചീകരണം സമയബന്ധിതമായി നടത്താൻ സാധിക്കാത്തത്. ജീവൻ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുകയും ചികിത്സയിൽ കഴിയുന്ന ആളുകൾക്ക് സൗജന്യ റേഷൻ നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ജില്ലകൾ തോറും വിവിധ തരത്തിലുള്ള പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ വകുപ്പുദ്യോഗസ്ഥർ എന്നിവരുമായി വീഡിയോ കോൺഫറൻസ് നടത്തുകയും യോഗ

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സേന ബ്ലോക്ക്-ഗ്രാമ-പഞ്ചായത്ത്-ജില്ലാ തലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു. ഹെൽത്തി കേരള ക്യാമ്പെയിന്റെ ഭാഗമായി ക്ലീനിംഗ്, ഫോഗിംഗ്, മരുന്ന് ശേഖരണം, ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനം തുടങ്ങിവ നടത്തിയതിന്റെ ഭാഗമായാണ് വലിയ തോതിലുണ്ടാകാമായിരുന്ന അപകടങ്ങൾ നിയന്ത്രണവിധേയമായത്. മട്ടന്നൂരിൽ ഡെങ്കിപ്പനി പിടിപെട്ടത് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ജില്ലയിലെ 40 അംഗ ടീമിന്റെയും അഡീഷണൽ ഡി.എച്ച്.എസ്.-ന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെയും പ്രവർത്തനഫലമായി രോഗം നിയന്ത്രണവിധേയമാക്കാൻ സാധിച്ചു. മുൻകരുതൽ നടപടിയെന്ന നിലയിൽ തിരുവനന്തപുരം കോർപ്പറേഷനിൽ മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും പൂർണ്ണ തോതിൽ ഫലം കണ്ടില്ല. തിരുവനന്തപുരം ചെങ്കൽചൂളയിൽ സോഴ്സ് റിഡക്ഷൻ പ്രവർത്തനങ്ങളും ശുചീകരണവും ക്ലോറിനേഷനും നടത്തിയിരുന്നു. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്ന ഗവൺമെന്റ് ആശുപത്രികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ആശുപത്രി ശുചീകരണത്തിന് കേരള പോലീസ് സേന നടത്തിയ പ്രവർത്തനം അഭിനന്ദനാർഹമാണ്. ജില്ലാ തലത്തിൽ അഡീഷണൽ ഡയറക്ടർമാരുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുകയും റാപ്പിഡ് റെസ്പോൺസ് ടീമും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ 2753 തസ്തികകൾ സൃഷ്ടിക്കുകയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുകയും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് ആരോഗ്യ വകുപ്പ് ഫലപ്രദമായ ഇടപെടൽ നടത്തുകയും എച്ച്1. എൻ1.-നുള്ള മരുന്ന് എല്ലാ ആശുപത്രികളിലും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. ശ്രീ. ഒ. രാജഗോപാലും പ്രസ്താവന നടത്തിയശേഷം സഭവിട്ട് പുറത്തുപോയി.

സഭ വിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## III ശ്രദ്ധക്ഷണിക്കൽ

### (1) ക്രെഷെകളുടെ പ്രവർത്തനം

ശ്രീ. പി. കെ. ശശി: ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ക്രെഷെകളുടെയും അറുന്നൂറോളം ജീവനക്കാരുടെയും ജീവിതം പരിതാപകരമാണ്. ആറു മാസം മുതൽ മൂന്നുവയസ്സുവരെ പ്രായമുള്ള കുട്ടികളെയാണ് ഈ ക്രെഷെകളിൽ പാരിപാലിക്കുന്നത്. ഇൻഡ്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫെയർ ക്രെഷെകളിൽ ജോലി ചെയ്യുന്ന ബാലസേവികയ്ക്ക് 3000 രൂപയും ഹെൽപ്പർക്ക് 1500 രൂപയുമായി വേതനം വർദ്ധിപ്പിച്ചിരുന്നുവെങ്കിലും മൂന്നുമാസം മാത്രമാണ് ഈ വേതനം ലഭിച്ചത്. കഴിഞ്ഞ 14 മാസമായി ഇവർക്ക് വേതനം ലഭിക്കാത്തതിനാൽ നിരവധി തവണ നിവേദനം സമർപ്പിച്ചിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ക്രെഷെകൾക്ക് വാടകയിനത്തിൽ 300 രൂപയാണ് നൽകുന്നത്. ആവശ്യമായ സൗകര്യങ്ങളില്ലാതെയാണ് ഇവ പ്രവർത്തിക്കുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി സാമൂഹ്യനീതി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിരവധി പദ്ധതികളും ഫണ്ടും അനുവദിക്കുന്നുണ്ടെങ്കിലും ഇതിലൊന്നും ഈ സ്ഥാപനങ്ങളെ പരിഗണിക്കാത്ത അവസ്ഥയാണുള്ളത്. നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് ശിശുക്ഷേമ സമിതിയുടെ നിയന്ത്രണത്തിലുള്ള ക്രെഷെകളുടെ

പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ജീവനക്കാർക്കുള്ള വേതന കുടിശ്ശിക കൊടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : കേന്ദ്ര വനിതാ ശിശു മന്ത്രാലയം, 2006 മുതൽ കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡ്, Indian Council of Child Welfare എന്നിവ വഴി നടപ്പിലാക്കി വന്നിരുന്ന പദ്ധതിയാണ് രാജീവ് ഗാന്ധി നാഷണൽ ക്രെഷെ സ്കീം. മാസവരുമാനം 1200 രൂപയിൽ കവിയാത്ത കുടുംബങ്ങളിലെ ജോലിക്കുപോകുന്ന അമ്മമാരുടെയും മറ്റ് അർഹരായ സ്ത്രീകളുടെയും 6 വയസ്സുവരെയുള്ള കുട്ടികൾക്കുവേണ്ടി ഡേകെയർ സൗകര്യം ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. 1-1-2016 മുതൽ പദ്ധതി പരിഷ്കരിക്കുകയും മാസത്തിൽ 15 ദിവസവും വർഷത്തിൽ 6 മാസമെങ്കിലും ജോലിക്കുപോകുന്ന സ്ത്രീകളുടെ 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കായി ക്രെഷെ സൗകര്യം പരിമിതപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ സി.എസ്.ഡബ്ല്യൂ, ഐ.സി.സി.ഡബ്ല്യൂ എന്നിവ വഴി ധനസഹായം ലഭിക്കുന്ന 767 ക്രെഷെകളാണ് ഉണ്ടായിരുന്നത്. കേന്ദ്ര ഗവൺമെന്റ് ഈ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നത് നിർത്തിവയ്ക്കുകയും സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുകയാണ്. ശിശുക്ഷേമ സമിതിയുടെ പുതിയ

ഭരണസമിതി നിലവിൽ വന്നതിനുശേഷം നിലവിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള സജീവമായ ഇടപെടൽ നടത്തുന്നതാണ്. ശിശുക്ഷേമ സമിതിയുടെ ഭാരവാഹികളും സോഷ്യൽ ജസ്റ്റിസ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുമായി ഈ കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ശിശുക്ഷേമ സമിതി നടത്തിക്കൊണ്ടിരുന്ന ക്രെഷെകൾ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സാമൂഹ്യ നീതിവകുപ്പ് മാത്രം തീരുമാനിക്കേണ്ട വിഷയമല്ല. നിലവിലുള്ള ക്രെഷെകൾക്ക് യാതൊരു വിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാത്ത വിധത്തിൽ അങ്കണവാടികളെ കൂടി ക്ലബ്ബ് ചെയ്ത് ആദിവാസി മേഖലയിലും കടലോര മേഖലയിലുമായി 250 പുതിയ ക്രെഷെകൾ ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ശിശുക്ഷേമ സമിതിയുടെ കീഴിലുള്ള ക്രെഷെകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് വേതന കുടിശ്ശിക നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (2) റെയിൽപ്പാത

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർവ്വേ പൂർത്തീകരിച്ചിട്ടുള്ള നിലമ്പൂർ -നഞ്ചൻകോട്- ശബരി റെയിൽ പാതകളുടെ അകലം റീ-സർവ്വേ വന്നതിന്റെ അടിസ്ഥാനത്തിൽ കുറച്ചിട്ടുണ്ട്. ശബരി റെയിൽ പാതയും മറ്റ് പുതിയ റെയിൽ പാതകളും

യാഥാർത്ഥ്യമാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിനായി കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ 215 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളവും കർണ്ണാടകയും സംയുക്തമായി ചർച്ചകൾ നടത്തി സംസ്ഥാന ഫണ്ട് ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കോട്ടയം ജില്ലയിലെ 13 വില്ലേജുകളിൽ കൂടിയാണ് ശബരി പാത പോകുന്നത്. മൂന്നു വില്ലേജുകളുടെ അലൈൻമെന്റ് സ്കെച്ച് മാത്രമേ റെയിൽവേ സമർപ്പിച്ചിട്ടുള്ളു. 2016 സെപ്റ്റംബർ 1-ന് സംസ്ഥാനവും കേന്ദ്ര ഗവൺമെന്റും ഒപ്പിട്ട മെമ്മോറാണ്ടമാണ് റെയിൽവേ ഡെവലപ്മെന്റ് ഇൻ കേരള. പ്രധാനമന്ത്രിയുടെ പദ്ധതിയിൽ ഉൾപ്പെട്ട ശബരി റെയിൽ പാത നടപ്പിലാക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുത്ത് നിരവധി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഗവൺമെന്റ് താല്പര്യമെടുത്ത് സ്കെച്ചുകൾ വേഗം നൽകണമെന്ന് റെയിൽവേയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുതുക്കിയ എൽ.എ.ആർ. ആക്ട് പ്രകാരം അർത്ഥനാപത്രം ലഭ്യമായ അങ്കമാലി, മറ്റൂർ, വടക്കുംഭാഗം, ചേലമറ്റം ഉൾപ്പെടെയുള്ള വില്ലേജുകളിൽ 61 ഏക്കർ ഭൂമി ഏറ്റെടുത്തതിന് നഷ്ടപരിഹാരമായി ഏകദേശം 40 കോടി രൂപ റെയിൽവേ നൽകിയിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള നിലമ്പൂർ-നഞ്ചൻകോട് റെയിൽപ്പാതയ്ക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും കർണ്ണാടക ഗവൺമെന്റിൽനിന്നും അന്തിമ ക്ലിയറൻസ്

ലഭിച്ചിട്ടില്ലാത്തതിനാൽ സംസ്ഥാന ഗവൺമെന്റ് തുക നൽകിയിട്ടില്ല. നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാത കേരളത്തിലെ സംരക്ഷിത വനമേഖലയിലൂടെയും കർണ്ണാടകയിലെ സംരക്ഷിത വന പ്രദേശമായ ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയും കടുവാ സങ്കേതത്തിലൂടെയുമാണ് കടന്നുപോകുന്നത്. കർണ്ണാടകയുമായി ഈ വിഷയം ചർച്ച നടത്തിയെങ്കിലും തീരുമാനമായില്ല. ചീഫ് സെക്രട്ടറി തലത്തിൽ വീണ്ടും ചർച്ച നടത്തുന്നതാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അസാധാരണ ഗസറ്റ് പ്രകാരം ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയുള്ള റെയിൽവേ ലൈനുകൾ, ഭൂഗർഭ പൈപ്പ്ലൈനുകൾ, റോപ്പ്‌വേകൾ എന്നിവയുടെ നിർമ്മാണം നിഷേധിച്ചിരിക്കുന്നതിനാൽ സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയില്ല. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദവും കർണ്ണാടക ഗവൺമെന്റിന്റെ പൂർണ്ണ സഹകരണവും ലഭിച്ചാൽ മാത്രമേ സംസ്ഥാന ഗവൺമെന്റിന് നിലമ്പൂർ-നഞ്ചൻകോട് റെയിൽ പാതയുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ. ശബരി പാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## IV സബ്മിഷൻ

### (1) വ്യാജ ഡിപ്ലോമ സർട്ടിഫിക്കറ്റ്

ഡോ. എം. കെ. മുനീർ: കോഴിക്കോട് കാരന്തൂർ മർക്കസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽനിന്നും വ്യാജ ഡിപ്ലോമ സർട്ടിഫിക്കറ്റ് നൽകിയതിനെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. പി. ടി. എ. റഹീം: അംഗീകാരമില്ലാത്ത കോഴ്സുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാവി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് കുന്ദമംഗലത്തുള്ള കാരന്തൂർ മർക്കസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി എന്ന സ്ഥാപനത്തിന് ഡിപ്ലോമ കോഴ്സ് നടത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകിയിരുന്നില്ല. ആർക്കിടെക്ച്ചർ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശന സമയത്ത് വാഗ്ദാനം ചെയ്ത പ്രകാരമുള്ള അംഗീകാരമില്ലെന്നാരോപിച്ച് 2013-16 അദ്ധ്യയന വർഷങ്ങളിലെ വിദ്യാർത്ഥികളും മാനേജ്മെന്റുമായി തർക്കം ഉടലെടുക്കുകയും രക്ഷിതാക്കളും മാനേജ്മെന്റ് പ്രതിനിധികളുമായി പലപ്രാവശ്യം ചർച്ച നടത്തിയെങ്കിലും തീരുമാനമാകാത്തതിനെത്തുടർന്ന് വിദ്യാർത്ഥികൾ സമരസമിതി രൂപീകരിച്ച് നിരാഹാര സത്യാഗ്രഹം അനുഷ്ഠിച്ചുവരികയുമാണ്. ജില്ലാ കളക്ടർ മാനേജ്മെന്റ്-വിദ്യാർത്ഥി പ്രതിനിധികളുമായി ചർച്ച നടത്തുകയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് 23.05.2017-

ന്നള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനും കളക്ടറുടെ ചേംബറിൽ ഹാജരാകാനും നിർദ്ദേശിച്ചിട്ടുണ്ട്. 12.05.2017-ന് മുഹമ്മദ് നസീം എന്ന വിദ്യാർത്ഥി മാനേജ്മെന്റ് പ്രതിനിധികൾക്കെതിരെ കോഴിക്കോട് ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. 23.05.2017-ലെ ചർച്ചയിൽ രൂപപ്പെടുന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) അരൂർ, കുമ്പളം ടോൾ പ്ലാസാ വികസനം സംബന്ധിച്ച്

ശ്രീ. എം. സ്വരാജ്: അരൂർ, കുമ്പളം ടോൾ പ്ലാസാ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനും അന്യായമായി സ്ഥലം ഏറ്റെടുക്കുന്നത് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിൽ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമി എൻ.എച്ച്. 66-ന്റെ വികസനത്തിനായി ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പൊതുജനങ്ങൾക്കുള്ള ആക്ഷേപം എൻ.എച്ച്. സ്പെഷ്യൽ തഹസിൽദാർ മുമ്പാകെ ബോധിപ്പിക്കുന്നതിന് 26.05.2017 വരെ സമയം നൽകിയിട്ടുള്ളതിനാൽ അതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(3) മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം

ശ്രീ. അൻവർ സാദത്ത്: കൊച്ചി മെട്രോ റെയിലിന്റെ ഉദ്ഘാടന തീയതിയും ഉദ്ഘാടകൻ ആരാണെന്നും വ്യക്തമാക്കണം. കൊച്ചി മെട്രോ റെയിൽ ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ഗതാഗതപ്രശ്നം പരിഹരിക്കുന്നതിനായി ആലുവയിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും മുട്ടം യാർഡിനുവേണ്ടി സ്ഥലം വിട്ടുനൽകിയവർക്ക് വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി മെട്രോ റെയിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണ്. ഉദ്ഘാടന തീയതിയുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല. ആലുവയിൽ മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഉദ്ഘാടനശേഷം പരിശോധിക്കുന്നതാണ്. കൊച്ചി മെട്രോ റെയിലിനുവേണ്ടി സ്ഥലം വിട്ടുനൽകിയവർക്ക് തൊഴിൽ നൽകുന്നത് സംബന്ധിച്ച് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(4) ഫയലുകൾ നശിപ്പിച്ചത് സംബന്ധിച്ച്

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ അതിക്രമിച്ചുകടന്ന് അടാട്ട് ഫാർമേഴ്സ് ബാങ്കിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട ഫയലുകളും കമ്പ്യൂട്ടർ രേഖകളും നശിപ്പിക്കാൻ

ശ്രമിച്ചവരെ അടിയന്തരമായി അറസ്റ്റ് ചെയ്യുന്നതിനും മാതൃകാപരമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ അതിക്രമിച്ച് കടന്നവർക്കെതിരെ തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിത ശ്രമം നടത്തിവരുന്നു. കുറ്റക്കാർക്കെതിരെ സത്വര നടപടി സ്വീകരിക്കുന്നതാണ്.

(5) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി കരാർ

ശ്രീ. വി. എസ്. അച്യുതാനന്ദൻ: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തിരിക്കുന്ന സ്വകാര്യ കമ്പനിയായ അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് കരാറിലെ വ്യവസ്ഥകൾക്കെതിരായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി അന്താരാഷ്ട്ര തുറമുഖ വ്യവസ്ഥകളുടെ നഗ്നമായ ലംഘനം നടത്തുന്നതിനാലും കഴിഞ്ഞ സർക്കാർ ഉണ്ടാക്കിയ കരാർ അവ്യക്തതയും നിഗൂഢതകളും നിറഞ്ഞതിനാൽ ഇതുസംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള കൺസെഷൻ കരാർ വിഴിഞ്ഞം അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി

സംസ്ഥാന സർക്കാർ 2015 ആഗസ്റ്റ് 17-ന് ഒപ്പുവച്ചു. കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിന് മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകമായ 4089 കോടി രൂപയിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. നിർമ്മാണ കാലയളവിൽ കേന്ദ്ര സർക്കാർ പി.പി.പി. ഘടകത്തിന്റെ 20 ശതമാനം തുകയും നടത്തിപ്പ് കാലയളവിൽ സംസ്ഥാന സർക്കാർ 408.3 കോടി രൂപയും സഹായധനമായി നൽകും. 40 വർഷമാണ് കരാർ കാലാവധി. നാല് ഘട്ടങ്ങളിലായാണ് നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. പദ്ധതിക്ക് ആവശ്യമുള്ള ഭൂമി ഏറ്റെടുത്ത് കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കരാർ പ്രകാരം 2019 ഡിസംബർ 4-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ്. തുറമുഖം നടത്തിപ്പിന്റെ 15-ാം വർഷം മുതൽ സംസ്ഥാന സർക്കാരിന് വരുമാന വിഹിതം ലഭിക്കുന്നതാണ്. കരാർ പ്രകാരമുള്ള സാമ്പത്തിക ക്രയവിക്രയങ്ങൾ എസ്ക്രോ അക്കൗണ്ടിനും എഗ്രിമെന്റിനും അനുസൃതമായിരിക്കും. നിർമ്മാണ നിർവ്വഹണ മേൽനോട്ടത്തിനായി സ്വതന്ത്ര ഏജൻസി ഉണ്ടായിരിക്കുന്നതാണ്. കണക്കുകൾ പരിശോധിക്കുന്നതിന് ആഡിറ്റർ പാനൽ തയ്യാറാക്കുന്നതാണ്. കൺകറന്റ് ആഡിറ്ററെ നിയമിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു. പ്രസ്തുത പദ്ധതി

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. പ്രമേയത്തിലുന്നയിച്ച കാര്യങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(6) മൾട്ടി പ്ലക്സ് തിയേറ്ററുകൾ

ശ്രീ. പുരുഷൻ കടലുണ്ടി: കേരളത്തിലെ പ്രധാനപ്പെട്ട ജില്ലാ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കോംപ്ലക്സുകളിൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മർട്ടി പ്ലക്സ് തിയേറ്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കെ.എസ്.ആർ.ടി.സി.-യുടെ തമ്പാനൂർ, തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സുകളിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ തിയേറ്റർ നിർമ്മിക്കുന്നതിന് സ്ഥലം നൽകുന്നതിനായി ചലച്ചിത്ര വികസന കോർപ്പറേഷൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതിന്റെയടിസ്ഥാനത്തിൽ തമ്പാനൂരിൽ ഒന്നും തിരുവല്ലയിൽ മൂന്നും സ്ക്രീനുകൾ സ്ഥാപിക്കുന്നതിന് മാനദണ്ഡങ്ങൾക്ക് വിധേയമായി സ്ഥലം വിട്ടുനൽകാൻ കെ.ടി.ഡി.എഫ്.സി. തയ്യാറായിട്ടുണ്ട്. ഇതുസംബന്ധിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും കെ.ടി.ഡി.എഫ്.സി.-യും ചർച്ച

നടത്തുകയും കരാർ നിബന്ധനകൾ അന്തിമഘട്ടത്തിലുമാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയും സ്വന്തം വരുമാനം ഉപയോഗിച്ചും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആധുനിക നിലവാരമുള്ള തിയേറ്ററുകൾ സ്ഥാപിക്കുന്നതാണ്. കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനലിലും തിയേറ്റർ സ്ഥാപിക്കാൻ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് താല്പര്യമുണ്ടെന്ന് കെ.ടി.ഡി.എഫ്.സി.-യെ അറിയിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ മറ്റ് ടെർമിനലുകളിൽ സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് തിയേറ്റർ നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കെ.എസ്.എഫ്.ഡി.സി.-യും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി 50 തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണ്. ഈ വർഷം 20 തിയേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 2017-18-ലെ ബഡ്ജറ്റിൽ ഇതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാര കാലാവധിയിൽ സ്വകാര്യമേഖലയിലടക്കം 500 തിയേറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(7) അടൂർ ജനറൽ ആശുപത്രിയുടെ സമഗ്ര വികസനം

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ ജനറൽ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും നഴ്സുമാരുടെയും

പാരാമെഡിക്കൽ സ്റ്റാഫുകളുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): അടൂർ സാമൂഹികാരോഗ്യകേന്ദ്രത്തെ 300 കിടക്കകളോടുകൂടിയ ജനറൽ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ സാമൂഹികാരോഗ്യകേന്ദ്രത്തിന് ആവശ്യമായ തസ്തികകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ദിവസേന രണ്ടായിരത്തിലധികം രോഗികൾ ഒ.പി. വിഭാഗത്തിലും അൻപതിലധികം രോഗികൾ ഐ.പി. വിഭാഗത്തിലും എത്തുന്നുണ്ട്. 24 മണിക്കൂറും കാഷ്വാൽറ്റി സംവിധാനമുള്ള ഈ ആശുപത്രിയിൽ സർജറി, ഗൈനക്കോളജി, പീഡിയാട്രിക്, അനസ്തേഷ്യ, ഓർത്തോ, ഒഫ്ത്താൽമോളജി, ഡെർമറ്റോളജി, ഇ.എൻ.ടി. എന്നീ സേവനങ്ങളും മെഡിസിനുകളും റെസ്പിറേറ്ററി മെഡിസിനും ലഭ്യമാണ്. ആർദ്രം പദ്ധതിപ്രകാരം അധിക തസ്തിക സൃഷ്ടിക്കാൻ തയ്യാറാക്കിയ പ്രൊപ്പോസലിൽ പ്രസ്തുത ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തസ്തിക ക്രിയേറ്റ് ചെയ്യുന്ന മുറയ്ക്ക് ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് നികത്തുന്നതാണ്.

(8) പുഴയ്ക്കൽ പാലം നിർമ്മാണം

ശ്രീ. അനിൽ അക്കര: തൃശ്ശൂർ-കുന്നംകുളം സംസ്ഥാന പാതയിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാനും ഗതാഗതയോഗ്യമല്ലാത്ത പാലം

പുനർനിർമ്മിക്കുന്നതുവരെ താല്ക്കാലിക പാലം നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തൃശ്ശൂർ-കുന്നംകുളം റോഡിലെ പഴയ പുഴയ്ക്കൽ പാലത്തിന്റെ പുനർനിർമ്മാണത്തിനായി 2016-17-ലെ ബഡ്ജറ്റിൽ 10 കോടി രൂപ കിഫ്ബി മുഖേന നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ഡി.പി.ആർ. പ്രകാരം പാലത്തിന്റെ പുനർനിർമ്മാണത്തിന് 6.16 കോടി രൂപയാണ് ആവശ്യമായി വരുന്നത്. 10 കോടി രൂപയ്ക്ക് മുകളിലുള്ള എസ്റ്റിമേറ്റ് തുക മാത്രമേ കിഫ്ബിയിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് ആലോചിക്കുന്നതാണ്. തകർന്ന പഴയ പാലത്തിന് സമീപം നിലവിലുള്ള പുഴയ്ക്കൽ പാലത്തിലൂടെയാണ് ഇപ്പോൾ ഗതാഗതം നടക്കുന്നത്. ഇവിടെ പൂർണ്ണമായ ഗതാഗത തടസ്സമില്ലാത്തതിനാൽ അടിയന്തരമായി ലൈറ്റ് മോട്ടോർ വാഹനങ്ങൾക്കായി മാത്രം ഒരു പാലം നിർമ്മിക്കേണ്ട ആവശ്യമില്ലെങ്കിലും ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ച് പാലം നിർമ്മിക്കുന്നതിനെപ്പറ്റി സർക്കാർ തലത്തിൽ ആലോചിക്കുന്നതാണ്.

(9) ശ്രീശങ്കരാപാലത്തിന് സമാന്തരപാലം

ശ്രീ. എൽദോസ് കുന്നപ്പിള്ളി: കാലടി ശ്രീശങ്കരാപാലത്തിന്

സമാന്തരമായുള്ള പാലം നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കാലടി ശ്രീശങ്കരാപാലത്തിന് സമാന്തര പാലം നിർമ്മിക്കുന്നതിനായി 2012 മാർച്ചിൽ 42 കോടി രൂപയുടെ ഭരണാനുമതി നൽകി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ പൂർത്തിയാക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. 7.5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി പാർലമെന്റ് പാസ്സാക്കിയ പുതിയ നിയമപ്രകാരമുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചതുപ്രകാരം റവന്യൂ അധികാരികൾ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി കാലടി ഭാഗത്ത് എം.സി. റോഡുമായി ബന്ധിപ്പിക്കുന്ന 1.5 കി.മി. ദൂരമുള്ള റോഡിന്റെ നിർമ്മാണത്തിന് കൂടുതൽ തുക വേണ്ടതിനാൽ പുതുക്കിയ ഭരണാനുമതി ആവശ്യമാണ്. 62 കോടി രൂപ അടങ്കലിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

(10) കരിമണൽ ഉപയോഗിച്ചുള്ള പദ്ധതികൾ

ശ്രീ. കെ. കൃഷ്ണൻകുട്ടി: കേന്ദ്ര അറ്റോമിക് എനർജി വകുപ്പിന്റെ 2006-ലെ വിജ്ഞാപനപ്രകാരം ഇൽമനൈറ്റ്, മോണോസൈറ്റ് തുടങ്ങിയ ഖനന ധാതുക്കൾ

അറ്റോമിക് മിനറൽസിന്റെ ലിസ്റ്റിൽനിന്ന് ഒഴിവാക്കിയ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനും അശാസ്ത്രീയമായ മണൽ ഖനനം തടയുന്നതിനും ഓഫ്ഷോർ ഖനനത്തിന് പുതിയ നിയമം കൊണ്ടുവരുന്ന സാഹചര്യത്തിൽ അടിയന്തരമായി ഖനാധിഷ്ഠിത പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കേന്ദ്ര സർക്കാർ സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് 2016-ൽ പുറത്തുവിട്ട റിപ്പോർട്ടിൽ കേരളത്തിൽ 19 ലക്ഷം ടൺ മോണോസൈറ്റ് നിക്ഷേപമുള്ളതിൽ 9 ശതമാനം മുതൽ 10 ശതമാനം വരെ തോറിയം ഡയോക്സൈഡ് ഉണ്ടെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇൻഡ്യൻ റെയർ എർത്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിനുമാത്രമാണ് അറ്റോമിക് എനർജി ആക്ട് 1962 പ്രകാരം മോണോസൈറ്റ് കൈകാര്യം ചെയ്യാൻ ലൈസൻസ് നൽകിയിട്ടുള്ളത്. 1952 മുതൽ ആലുവ ഐ.ആർ.ഇ.എൽ. പ്ലാന്റിൽ റെയർ എർത്സ് വേർതിരിച്ചെടുത്തിരുന്നുവെങ്കിലും 2004-ൽ പ്രവർത്തനം നിർത്തിവയ്ക്കുകയും 2015-ൽ ഒറീസ്സ സാൻഡ് കോംപ്ലക്സിൽ മോണോസൈറ്റ് പ്രോസസിംഗ് പ്ലാന്റ് പ്രവർത്തനമാരംഭിക്കുകയും ഐ.ആർ.ഇ.എൽ., കെ.എം.എം.എൽ. എന്നിവിടങ്ങളിൽനിന്ന് മോണോസൈറ്റ് കൊണ്ടുപോകുകയും ചെയ്തിരുന്നു.

ഡിപ്പാർട്ടുമെന്റ് ഓഫ് അറ്റോമിക് എനർജിയും കേന്ദ്ര സർക്കാരും പുറത്തുവിട്ട റിപ്പോർട്ടുപ്രകാരം തോറിയത്തെ യുറേനിയം 233 ആക്കി മാറ്റിയാൽ മാത്രമേ ന്യൂക്ലിയർ എനർജി (ആണവോർജ്ജം) ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇൻഡ്യയിൽ കൂടുതലായി കാണപ്പെടുന്ന തോറിയം ഉപയോഗിച്ച് ആണവോർജ്ജം ഉൽപ്പാദിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ഒരു പ്രോട്ടോടൈപ്പ് പ്ലാന്റ് വികസിപ്പിച്ചെടുത്തിട്ടുണ്ടെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ അതിന് ഇൻഡ്യ സജ്ജമായിട്ടില്ല. കേരളത്തിൽനിന്നും ഖനനം ചെയ്യുന്ന മോണോസൈറ്റിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള റോയൽറ്റി ലഭിക്കുന്നുണ്ട്. ഖനനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ സ്വകാര്യവൽക്കരണ നീക്കം തടയുന്നതിന് സംസ്ഥാനത്തിന് സാധ്യമായതൊക്കെ ചെയ്യുന്നതാണ്. കരിമണലിൽ നിന്നുള്ള മോണോസൈറ്റും തോറിയവും രാജ്യത്ത് ഫലപ്രദമായി ഉപയോഗിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സമ്മർദ്ദമുണ്ടാകും. കരിമണൽ പൊതുമേഖലയിൽ ഖനനം ചെയ്യുന്നതിനായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ശക്തിപ്പെടുത്തി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളാരംഭിക്കും. ഓഫ്ഷോർ മിനറൽസിന്റെ മൈനിംഗ് സംബന്ധിച്ച് നിയമത്തിലെ വ്യവസ്ഥകൾ പഠിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(11) തെരുവുനായ്ക്കളുടെ കടിയേറ്റുണ്ടായ മരണം

ശ്രീ. എം. വിൻസെന്റ്: കോവളം നിയോജകമണ്ഡലത്തിലെ പുല്ലുവിളയിൽ 21.05.2017-ന് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ട ആളുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും പ്രദേശത്തെ തെരുവുനായ ശല്യം ഇല്ലാതാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 48 വയസ്സ് പ്രായമുള്ള ചെറുപ്പക്കാരനെ തെരുവുനായ്ക്കൾ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം സർക്കാർ ഗൗരവമായിക്കണ്ട് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): കരിങ്കുളം പഞ്ചായത്തിൽ പുല്ലുവിള കടപ്പുറത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ട വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കും. തെരുവുനായ്ക്കളുടെ ആക്രമണം വർദ്ധിച്ചതിനെത്തുടർന്ന് എ.ബി.സി. പ്രോഗ്രാം കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകുകയും 21.06 കോടി രൂപ അതിനായി നീക്കിവയ്ക്കുകയുമുണ്ടായി. അപകടകാരികളായ തെരുവുനായ്ക്കളെ കൈകാര്യം ചെയ്യാൻ നിയമം

അനുവദിക്കുന്നുണ്ടെങ്കിലും സ്ഥായിയായ പരിഹാരമാർഗ്ഗം വന്ധ്യംകരണം മാത്രമാണ്. ഇതിനായി മൃഗസംരക്ഷണ വകുപ്പിന്റെ സഹായം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തെരുവുനായ്ക്കളുടെ ആക്രമണത്തിന് വിധേയരായ 19 പേർ നഷ്ടപരിഹാരം ആവശ്യപ്പെടുകയും കോടതി ഇത് അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു. തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിന് 2,100/- രൂപ കുടുംബശ്രീക്ക് നൽകാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്പോൾ കുടുംബശ്രീയെ മാത്രമാണ് ഇക്കാര്യത്തിനായി എംപാനൽ ചെയ്തിട്ടുള്ളത്. ഇത്തരം പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കോംപിറ്റന്റായ സ്വകാര്യ ഏജൻസികളെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ഇന്ത്യയിലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2016 മാർച്ചിൽ അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടും ജനറൽ, സോഷ്യൽ സെക്ടറിനെക്കുറിച്ചുള്ള റിപ്പോർട്ടും ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ

റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

2. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ നാൽപ്പത്തിയൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII ധനകാര്യം

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## VIII നിയമനിർമ്മാണകാര്യം

### 2017-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പ്രമേയത്തെ പിന്താങ്ങുന്നു.

## IX ക്രമപ്രശ്നം

### ബിൽ ക്രമപ്രകാരമല്ല എന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: ഈ വർഷം ജി.എസ്.ടി. നടപ്പാക്കാൻ

തീരുമാനിച്ചതിനാൽ വർദ്ധിപ്പിച്ച യാതൊരു നികുതി നിർദ്ദേശവും 2017-18-ലെ ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. നികുതി വർദ്ധനവ് കൊണ്ടുവരുന്നതിനാണ് ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത്. നികുതി കുറവ് സംബന്ധിച്ച വിഷയം ഫിനാൻസ് ബില്ലിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. ഒരു എക്സിക്യൂട്ടീവ് ഉത്തരവിറക്കി നികുതി ഇളവ് പ്രാബല്യത്തിൽ വരുത്താവുന്നതാണ്. ആയതിനാൽ ഈ ധനകാര്യ ബിൽ അപ്രസക്തമാണ്. ഇത് ഇവിടെ അവതരിപ്പിക്കാൻ പാടില്ല. റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ ഫിനാൻസ് ബിൽ എന്ന ഡെഫനിഷനിൽ ഇത്തരം കാര്യങ്ങൾ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ റൂളിംഗ് നൽകുന്നതിനുമുമ്പ് ഇക്കാര്യം പരിഗണിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ധനകാര്യ ബില്ലിൽ പരാമർശിച്ചിട്ടില്ല. വാറ്റ് നിയമത്തിലെ 93-ാം വകുപ്പുപ്രകാരം നിലവിലുള്ള നികുതികളിൽ എക്സിക്യൂട്ടീവ് ഉത്തരവുവഴി ഇളവുനൽകി പിന്നീട് നിയമസഭയിൽ പാസ്സാക്കി നിയമമാക്കിയാൽ മതിയാകും. ഈ ഫിനാൻസ് ബില്ലിൽ നികുതിയിളവല്ല പരാമർശിക്കുന്നത്. ആയതിനാൽ അതിന് നിയമ ഭേദഗതി അത്യാവശ്യമാണ്. എക്സിക്യൂട്ടീവ് ഓർഡർ വഴി നികുതി ഇളവ് പ്രാബല്യത്തിൽ വരുത്താൻ സാധിക്കില്ല. വാറ്റ് നിയമം മാത്രമല്ല, മുദ്രപ്പത്രം, ആഡംബര നികുതി, അഗ്രിക്കൾച്ചർ ഇൻകം ടാക്സ് തുടങ്ങിയ മറ്റ്

നിയമങ്ങളും ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നുണ്ട്. നിയമപ്രകാരം മിശ്ര സ്വഭാവമുള്ള ഫിനാൻസ് ബിൽ അവതരിപ്പിക്കാനും മറ്റ് അനുബന്ധ നിയമങ്ങളിലെ ഭേദഗതിയും ഫിനാൻസ് ബില്ലിൽ കൊണ്ടുവരാനുള്ള അവകാശമുള്ളതിനാൽ ഈ ഒബ്ജക്ഷൻ സ്വീകാര്യമല്ല.

**റൂളിംഗ്**

മി. സ്പീക്കർ: 2003-ലെ കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മുൻവർഷം ഏർപ്പെടുത്തിയ നികുതിക്ക് ഈ വർഷത്തെ ബഡ്ജറ്റിലൂടെ ഇളവ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ഈടാക്കിയ നികുതി തിരിച്ചുകൊടുക്കുന്നത് ഒഴിവാക്കാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഭേദഗതി കൊണ്ടുവരുന്നത്. എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഇത് നടപ്പിലാക്കിയാൽ അതിന് നിയമ പ്രാബല്യം ലഭിക്കാതെ വരികയും കോടതി ഇടപെടലുകൾക്ക് ഇടയാകുകയും ചെയ്യും. മാത്രമല്ല, 2003-ലെ കേരള മൂല്യവർദ്ധിത നിയമത്തിനുപുറമെ മറ്റ് നാല് നിയമങ്ങൾക്കുകൂടി 2017-ലെ ധനകാര്യ ബില്ലിലൂടെ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. അവയൊക്കെ തീർത്തും അനിവാര്യമായ ഭേദഗതികളാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് പരിശോധന ആവശ്യമാണെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ ആകാവുന്നതാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: 2017-ലെ കേരള ധനകാര്യ ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 30.06.2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: 2017-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സ്വർണ്ണത്തിന്റെ പർച്ചേസ് നികുതിയുടെ കാര്യത്തിലും വനസ്പതിയുടെ മറ്റൊരു രൂപമായ ബേക്കറി ഷോർട്ടനിംഗിന് നിലവിൽ ഈടാക്കുന്ന നികുതിയുടെ കാര്യത്തിലും പരിഗണന ഉണ്ടാകണം. ഈ സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനത്തിലൂടെ കേരളം ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിച്ചിരിക്കുകയാണ്. കടുത്ത വേനലിലും പവർകട്ടില്ലാതെ മുന്നോട്ടുപോകുന്നതിനും ഒരു വർഷംകൊണ്ട് നിരവധിപേർക്ക് വൈദ്യുതി കണക്ഷൻ പുതുതായി നൽകുന്നതിനും സാധിച്ചു. 29.5.2017-ന് കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനും മുപ്പതിനായിരം നിർദ്ധന കുടുംബങ്ങൾക്ക് സർക്കാർ ചെലവിൽ വയറിംഗ് നടത്തുന്നതിനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. കാസർഗോഡ് ജില്ലയിൽ ഇരുന്നൂറ് മെഗാവാട്ടിന്റെ സോളാർ പാർക്ക് കമ്മീഷൻ ചെയ്തു. അടച്ചുപൂട്ടിയ സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുകയും സർക്കാർ സ്കൂളുകളെ മികവിന്റെ

കേന്ദ്രങ്ങളാക്കുകയും അഞ്ചാംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ ചെലവിൽ യൂണിഫോം നൽകാൻ തീരുമാനിക്കുകയും ചെയ്തു. വിദ്യാഭ്യാസ വായ്പയ്ക്കായി തൊള്ളായിരം കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആരോഗ്യ മേഖലയിലെ ഗുണഫലം എല്ലാ മണ്ഡലങ്ങളിലും ലഭ്യമാക്കുകയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുകയും ആശുപത്രികളിൽ 2753 തസ്തികകൾ സൃഷ്ടിക്കുകയും 170 പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്തു. കോഴിക്കോട് ജില്ലയിൽ 1100 ഏക്കർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും സാധിച്ചു. ഒരു വർഷം കൊണ്ട് ഒട്ടേറെ ചെറുകിട വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാനും തദ്ദേശസ്വയംഭരണ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് അഴിമതി അവസാനിപ്പിക്കാനും സാധിച്ചു. കൺസ്യൂമർ ഫെഡ് ലാഭത്തിലാക്കി വിലക്കയറ്റം പിടിച്ചുനിർത്താനും പൊതുമരാമത്ത് വകുപ്പ് അഴിമതിരഹിതമാക്കാനും സാധിച്ചത് ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. അഴിമതി വെളിപ്പെടുത്തുന്നവർക്ക് 5 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചതും പുതിയ തൊഴിൽ നയം നടപ്പാക്കിയതും സ്വാഗതാർഹമാണ്. ഈ ഗവൺമെന്റിന്റെ ആവാസ്, വിമുക്തി, അപ്ന ഘർ എന്നീ പദ്ധതികൾ മാതൃകാപരമാണ്. കെ.എസ്.ആർ.ടി.സി.-യെ പുരോഗതിയിലേയ്ക്ക് നയിക്കാനും

പരമ്പരാഗത വ്യവസായം, വിദ്യാഭ്യാസം, വൈദ്യുതി, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഉന്നത നിലവാരം പുലർത്താനും ഗവൺമെന്റിന് സാധിച്ചു.

ശ്രീ. ഷാഫി പറമ്പിൽ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. അഴിമതിക്കാരെ സംരക്ഷിച്ച് ഉന്നത പദവി നൽകുന്ന ഗവൺമെന്റാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച് 90 ശതമാനവും പൂർത്തിയാക്കിയ കൊച്ചി മെട്രോ പദ്ധതിയുടെ ഉദ്ഘാടനത്തിലൂടെ വിവാദങ്ങൾക്ക് തുടക്കം കുറിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയിലെയും പ്രശ്നങ്ങൾ പരിഹരിക്കാൻ യുക്തിഭദ്രമായ പ്രോജക്ടുകളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. കേന്ദ്ര സർക്കാർ നിഷേധാത്മക സമീപനം സ്വീകരിച്ചപ്പോഴും വിലക്കയറ്റം പിടിച്ചുനിർത്തി കൺസ്യൂമർ ഫെഡും സിവിൽ സപ്ലൈസ് കോർപ്പറേഷനും ലാഭത്തിലാക്കാൻ സാധിച്ചത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിനും തരിശുഭൂമി കൃഷി യോഗ്യമാക്കുന്നതിനും ജൈവ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിനും മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനും നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. വിദ്യാഭ്യാസ രംഗം പരിഷ്കരിക്കുന്നതിന് ഗവൺമെന്റിന് സാധിച്ചു. ആർദ്രം,

ഹരിതകേരളം, ലൈഫ് പദ്ധതികൾ ആവിഷ്കരിച്ചത് സ്വാഗതാർഹമാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. മുൻ കാലങ്ങളിലെ നികുതി കുടിശ്ശിക പിരിക്കുന്നതിനും പ്രഖ്യാപിച്ച ഇളവുകൾക്ക് നിയമപ്രാബല്യം നൽകുന്നതിനും ചട്ടം രൂപീകരിച്ചുകൊണ്ടാണ് 2017-ലെ ധനകാര്യ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ജി.എസ്.ടി. നടപ്പാക്കുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച് കേരള ഗവൺമെന്റ് കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ച് യാതൊരു ധാരണയുമില്ല. ജി.എസ്.ടി. നടപ്പാക്കുന്നതിന് മുന്നോടിയായി പ്രഖ്യാപിച്ച കുടിശ്ശിക നിവാരണ പാക്കേജിൽ സ്വർണ്ണം, വനസ്പതി എന്നിവയ്ക്ക് പർച്ചേസ് ടാക്സ് സംബന്ധിച്ച് പാക്കേജ് അനുവദിക്കാനും ഇൻപുട്ട് ടാക്സ് ഇളവിലെ തട്ടിപ്പ് തടയുന്നതിനും നടപടി സ്വീകരിക്കണം. ജി.എസ്.ടി. നടപ്പാക്കുന്നതിന് മുന്നോടിയായി കമ്പ്യൂട്ടറൈസേഷനും ജീവനക്കാർക്കുള്ള ട്രെയിനിംഗും നൽകണം. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വളം, കാർഷികോപകരണങ്ങൾ എന്നിവയ്ക്കും സൗരോർജ്ജ ഉൽപ്പന്നങ്ങൾക്കും ടാക്സ് ഒഴിവാക്കുന്നതിനും ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിനും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു.

കേരളത്തിന്റെ വികസന ചരിത്രത്തിൽ പുരോഗമനപരമായ നിലപാടുകളാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി എക്കാലവും സ്വീകരിച്ചിട്ടുള്ളത്. അഴിമതി വിരുദ്ധ നടപടികളിലൂടെ കേരള ജനതയെ രക്ഷിക്കുക എന്നതാണ് സർക്കാരിന്റെ മുഖമുദ്ര. ഇന്ത്യയിൽ അഴിമതി കുറഞ്ഞതും ക്രമസമാധാന നില ഭദ്രമായതുമായ സംസ്ഥാനമാണ് കേരളം എന്നാണ് വിവിധ പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നത്. കേരളത്തിന്റെ ഹരിത സമൃദ്ധി വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ച ഹരിതകേരളം പദ്ധതി അഭിനന്ദനാർഹമാണ്. യാഥാർത്ഥ്യങ്ങളെ മറച്ചുവച്ചുകൊണ്ട് ഗവൺമെന്റിനെതിരെ വ്യാജ പ്രചരണം നടത്തുന്ന നടപടികളുമായാണ് പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. 36647 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകുന്നതിനും 1537 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും 2170 കോടി രൂപയുടെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പാ ആനുകൂല്യങ്ങളും ഇടുക്കി ജില്ലയിൽ 5500 പേർക്ക് പട്ടയവും വിതരണം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ഡോ. എൻ. ജയരാജ്</u> : സ്വർണ്ണ വ്യാപാരികളുടെ കാര്യത്തിൽ കോമ്പൗണ്ടിംഗ് ആക്ടിലെ പർച്ചേസ് ടാക്സുമായി ബന്ധപ്പെട്ട പിശക് തിരുത്തുന്നതിന് നടപടി സ്വീകരിക്കണം. വനസ്പതിയുടെ വിഷയത്തിൽ വ്യാപാരികൾക്ക് അനുകൂലമായ തീരുമാനമെടുക്കുകയും ലോട്ടറിയുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുകയും വേണം.

ആംനെസ്റ്റി സ്കീമുകൾ പ്രഖ്യാപിക്കുന്ന രീതി പുന:പരിശോധനയ്ക്ക് വിധേയമാക്കണം. കിഫ്ബി സ്വാഗതാർഹമാണെങ്കിലും അതിന്റെ പ്രായോഗികത സംബന്ധിച്ച ആശങ്ക പരിഹരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സുസ്ഥിര വികസനത്തിനായി 13-ാം പദ്ധതിയിൽ 2 ലക്ഷം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് സർക്കാർ ലക്ഷ്യം വച്ചിരിക്കുന്നത്. നിയമം നടപ്പാക്കുകയെന്നത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണെന്ന് തെളിയിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. അഴിമതിരഹിതഭരണം കാഴ്ചവയ്ക്കുന്നതിനും ക്രമസമാധാനം കാത്തുസൂക്ഷിക്കുന്നതിനും സാധിച്ചു. കൊച്ചി മെട്രോയിൽ ഭിന്നലിംഗ വിഭാഗത്തിന് ജോലി സംവരണം ഏർപ്പെടുത്തിയതും ജീവിതശൈലീ രോഗങ്ങൾ ചെറുക്കാൻ ആവിഷ്കരിച്ച പദ്ധതികളും അന്തർദ്ദേശീയ പ്രശംസ പിടിച്ചുപറ്റിയിരിക്കുകയാണ്. വെളിയിട വിസർജ്ജന മുക്ത പരിപാടി പ്രഖ്യാപിക്കുകയും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും നെൽകൃഷി വ്യാപിപ്പിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. മാതൃഭാഷാ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്.

പൊതുവിദ്യാലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുമുള്ള ബൃഹത്പദ്ധതിക്കാണ് വിദ്യാഭ്യാസ വകുപ്പ് ഊന്നൽ നൽകുന്നത്. നാടിന്റെ പുരോഗതിക്കുവേണ്ടി ഒരുമിച്ച് മുന്നേറാൻ പ്രതിപക്ഷം മുന്നോട്ടു വരണം.

ശ്രീ. ഒ. രാജഗോപാൽ : ധനകാര്യ ബില്ലിനെ എതിർക്കുന്നു. വികസനത്തിനെതിരായ പരിപാടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ബ്യൂറോക്രസിയുടെ അമിതമായിട്ടുള്ള വികസനത്തിനുവേണ്ടി സംസ്ഥാന വരുമാനത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കുന്ന രീതി ശരിയല്ല. കഴിഞ്ഞ യു.ഡി.എഫ്.-ഗവൺമെന്റ് വാഗ്ദാനലംഘനം നടത്തിയതുപോലെ സാങ്കൽപികമായ കാര്യങ്ങൾ പറഞ്ഞ് ജനങ്ങളിൽ പ്രതീക്ഷ വളർത്തുകയും അവ നടപ്പാക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുകയാണ്. സംസ്ഥാനം അഭിമുഖീകരിക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

ശ്രീ. സി.കെ. നാണു : ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. മാറി മാറി അധികാരത്തിലിരുന്ന കേന്ദ്ര ഗവൺമെന്റുകൾ കേരളത്തിലെ കർഷകരുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കാർഷികോത്പന്നങ്ങൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യാനുള്ള അനുവാദം

കൊടുത്തതിലൂടെ കാർഷികമേഖലയുടെ സമ്പദ്ഘടനയെ തകർക്കുകയാണ് ചെയ്തത്. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള തീരുമാനം പ്രശംസനീയമാണ്. കോർപ്പറേറ്റുകളെ സഹായിക്കുന്ന നിലപാടിൽ നിന്ന് കോൺഗ്രസ് പിന്മാറണം.

ശ്രീ. കെ. എസ്. ശബരീനാഥൻ : ധനകാര്യ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നികുതി കുടിശ്ശിക പിരിക്കുന്നതിൽ കാര്യമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന ആക്ഷേപമുന്നയിച്ചവർക്ക് 6,883 കോടി രൂപയിൽ 129 കോടി രൂപ മാത്രമാണ് കുടിശ്ശികയിനത്തിൽ പിരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് വ്യക്തമാക്കാൻ തയ്യാറാകണം. പെട്രോൾ-ഡീസൽ വില വർദ്ധനവിലൂടെ ലഭിക്കുന്ന അധിക നികുതി വരുമാനം വേണ്ടെന്നു വയ്ക്കാനും കിഫ്ബിയിലൂടെയുള്ള ഫണ്ട് വിനിയോഗം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കണം. പരസ്യങ്ങൾ നൽകുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് നികുതിപ്പണം ചെലവഴിക്കുന്നത്. ജനസമ്പർക്ക പരിപാടിയിലൂടെ ലഭിച്ച അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനോ ഓപ്പറേഷൻ കുബേര ഫലപ്രദമായി നടപ്പാക്കാനോ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികളുടെ ഉദ്ഘാടനം നിർവ്വഹിക്കുക

മാത്രമാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. ഭിന്നലിംഗക്കാർക്കുവേണ്ടി ആദ്യമായി നിയമം കൊണ്ടുവന്നത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. ജനദ്രോഹപരമായ നടപടികൾ അവസാനിപ്പിക്കുന്നതിന് സർക്കാർ തയ്യാറാകണം.

ശ്രീ. കെ. ഡി. പ്രസേനൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും കുടിശ്ശികയില്ലാതെ കൊടുത്തുതീർക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കരാറുകാർക്കും ബിൽ ഡിസ്കൗണ്ടിനത്തിൽ ബാങ്കുകൾക്കും കഴിഞ്ഞ ഗവൺമെന്റ് നൽകാനുണ്ടായിരുന്ന 1775.59 കോടി രൂപയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവയിൽനിന്നും കടമെടുത്തിരുന്ന 1,365 കോടി രൂപയും നൽകിയത് ഈ ഗവൺമെന്റാണ്. കഴിഞ്ഞ വർഷം 15,000 കോടി രൂപയുടെ പ്രോജക്ടുകൾക്ക് എ.എസ്. നൽകിയ കിഫ്ബി 25,000 കോടി രൂപയുടെ പുതിയ പ്രോജക്ടുകളാണ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള അടങ്കൽത്തുക 26,500 കോടി രൂപയായി ഉയർത്തിയ ധനകാര്യ മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. കാർഷിക മേഖലയുടെ അടങ്കൽത്തുക 2,106 കോടി രൂപയായി ഉയർത്തിയതും വരൾച്ച കാരണം കൃഷിയിറക്കാൻ കഴിയാത്ത കർഷകർക്ക് ഹെക്ടറിന് 6,000 രൂപയുടെ ധനസഹായം നൽകുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. പാലക്കാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ കൃഷി

ഓഫീസർമാരുടെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കണം. ഹരിതകേരളം മിഷനിലുൾപ്പെടുത്തി ശുചിത്വ പ്രവർത്തനങ്ങൾക്കായി 127 കോടി രൂപയും കുടിവെള്ള പദ്ധതികൾക്കായി 1,058 കോടി രൂപയും വൻകിട-ഇടത്തരം ജലസേചന പദ്ധതികൾക്കായി 413 കോടി രൂപയും വകയിരുത്തിയത് ശ്ലാഘനീയമാണ്. 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി ആതുരാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിന് ഈ മേഖലയോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ മരുന്ന് നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കൂടുതൽ പ്രകൃതി ചികിത്സാ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഫണ്ട് നൽകുകയും ആലത്തൂർ മണ്ഡലത്തിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രം ആരംഭിക്കുകയും വർക്കലയിലെ നേച്ചറോപ്പതി ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തി പ്രകൃതി ചികിത്സാ പഠന കേന്ദ്രമാക്കി മാറ്റുകയും ചെയ്യണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സർക്കാരിനെതിരെയുള്ള പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ തികച്ചും ബാലിശവും അടിസ്ഥാനരഹിതവുമാണ്. കഴിഞ്ഞ സർക്കാരിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയും അഴിമതിയുമാണ് സ്റ്റാറ്റ്യൂട്ടറി റേഷൻ വിതരണം മുടങ്ങിയതിന് കാരണം. റേഷൻ മുൻഗണനാ പട്ടികയിലെ തെറ്റുതിരുത്താനോ റേഷൻ കാർഡ്

വിതരണം ചെയ്യാനോ അരിവില വർദ്ധനവിനെതിരെ നടപടി സ്വീകരിക്കാനോ സർക്കാരിന് കഴിഞ്ഞില്ലെന്ന ആരോപണം വാസ്തവവിരുദ്ധമാണ്. സർക്കാർ അരിക്കടകൾ ആരംഭിച്ചുകൊണ്ട് വിലനിയന്ത്രണവുമായി ബന്ധപ്പെട്ട് മാതൃകാപരമായി പ്രവർത്തിക്കുകയും ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുകയും ചെയ്തു. 5500 പേർക്ക് പട്ടയം നൽകിയതോടൊപ്പം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇച്ഛാശക്തിയോടെ പ്രവർത്തിക്കുകയും ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലെ ഭൂമിക്ക് പട്ടയം നൽകുന്നതിനും നീലക്കുറിഞ്ഞി സാംഗ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ കൃഷിക്കാർക്ക് ഭൂമി വിട്ടുകൊടുക്കുന്നതിനുമുള്ള തീരുമാനങ്ങളെ എതിർക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ദീർഘവീക്ഷണത്തോടും കാര്യക്ഷമതയോടുംകൂടിയ ധനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ സമ്പദ്ഘടനയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങളെക്കുറിച്ചും വ്യക്തമാക്കണം. അദർ ഡിസ്ട്രിക്ട് റോഡുകളെ മേജർ ഡിസ്ട്രിക്ട് റോഡുകളായി പ്രഖ്യാപിക്കുന്നതിനും പ്രസ്തുത റോഡുകളെ പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. പുതിയ നികുതി

നിർദ്ദേശങ്ങളൊന്നുമില്ലാത്ത ഒരു ആംനസ്റ്റി ബിൽ മാത്രമാണിത്. ധനകാര്യ ബില്ലുകളെക്കുറിച്ചുള്ള സങ്കല്പങ്ങളെ മാറ്റിമറിക്കുന്ന ഈ ബിൽകൊണ്ട് സംസ്ഥാനത്തെ എക്സ്ചെക്കറിനോ ഗവൺമെന്റിനോ സാധാരണക്കാർക്കോ യാതൊരു പ്രയോജനവുമില്ല. സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന പെട്രോളിയം സെസ് കിഫ്ബിയിലേയ്ക്ക് മാറ്റിയതിലൂടെ വരുമാന സോഴ്സ് നഷ്ടമായിരിക്കുകയാണ്. ജി.എസ്.ടി-യിലൂടെ സംസ്ഥാനത്തിന് ലഭിക്കേണ്ട തുക എത്രയാണെന്നും അത് എങ്ങനെയാണ് ലഭിക്കുന്നതെന്നും ഇത് നടപ്പിലാക്കുന്നതിനായി നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കണം. സഭാ സമ്മേളനം നടക്കുമ്പോൾത്തന്നെ ഒരു ഓർഡിനൻസിലൂടെ ഇത് നടപ്പാക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. ഈ സർക്കാർ നിയമസഭയിലെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നില്ല. ജി.എസ്.ടി. സംവിധാനത്തിൽ എത്ര ശതമാനം വ്യാപാരികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും 2017 ജൂലൈ ഒന്നു മുതൽ ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുന്നോടിയായി വരാനിരിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കാനുള്ള പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോയെന്നും ഇക്കാര്യത്തിൽ എന്തൊക്കെ മുന്നൊരുക്കങ്ങളും സുരക്ഷാ നടപടികളുമാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കണം. 2016-ലെ ധവളപത്രം അനുസരിച്ച് 13019 കോടി രൂപയുടെ നികുതി പിരിച്ചെടുക്കാനുള്ളതിൽ 179.8 കോടി

രൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നത് കാര്യക്ഷമതയില്ലാത്ത ധനകാര്യ മാനേജ്മെന്റിനെയാണ് കാണിക്കുന്നത്. യുദ്ധകാലാടിസ്ഥാനത്തിൽ കോടതിയിൽ പ്രത്യേകമായ ഇടപെടൽ നടത്തി അപ്പീൽ കേസുകളിൽ സമയബന്ധിതമായി തീർപ്പ് കല്പിച്ച് നികുതി പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. 2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ 76 ശതമാനം മാത്രമാണ് സർക്കാരിന് ചെലവഴിക്കാൻ സാധിച്ചത്. കേന്ദ്രം അനുവദിച്ച 6534 കോടിയിൽപ്പരം രൂപയിൽ 4953.68 കോടി രൂപ മാത്രം ചെലവഴിച്ചതിന്റെ കാരണം പരിശോധിക്കണം. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുട്ടനാട് പാക്കേജ്, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ എന്നീ പദ്ധതികളുടെ തുക വാങ്ങിയെടുക്കുന്നതിൽ സർക്കാർ സ്വീകരിച്ച സമീപനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കണം. സമയബന്ധിതമായി വരവുചെലവ് കണക്കുകളും നടത്തിപ്പ് റിപ്പോർട്ടുകളും സമർപ്പിക്കാതിരുന്നതിനാൽ 2000 കോടി രൂപയുടെ കേന്ദ്ര വിഹിതം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം കേന്ദ്രനികുതി വിഹിതം 32 ശതമാനത്തിൽനിന്ന് 42 ശതമാനമായി ഉയർത്തിയത് ഫലപ്രദമായി ഉപയോഗിക്കണം. അഖിലേന്ത്യാ തലത്തിൽ പദ്ധതികൾ രൂപീകരിക്കുമ്പോൾ മാനദണ്ഡങ്ങൾക്ക് വിധേയമായി സംസ്ഥാനത്തിന് യോജിക്കുന്ന പദ്ധതികൾ സമർപ്പിച്ച് യഥാസമയം

കേന്ദ്രത്തിൽനിന്നും ഫണ്ട് വാങ്ങിയെടുക്കാനും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കാനും ആസൂത്രണ-സാമ്പത്തിക കാര്യങ്ങളിൽ കേന്ദ്ര കോ-ഓർഡിനേഷൻ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന നിയമനിർമ്മാണമാണ് ഈ ബില്ലിന്റെ ഭാഗമായി നടക്കുന്നത്. ഒരു വർഷംകൊണ്ട് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഈ മാസം 29-ാം തീയതി കോഴിക്കോടുവച്ച് കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി സർക്കാർ പ്രഖ്യാപിക്കാൻ പോകുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച ഈ പദ്ധതി പുനരാരംഭിക്കാൻ യു.ഡി.എഫ്. സർക്കാരിന് സാധിച്ചില്ല. ഈ സർക്കാർ 174 കോടി രൂപയോളം വീണ്ടും ചെലവഴിച്ചുകൊണ്ട് 157000 വീടുകൾക്ക് പുതിയ വൈദ്യുതി കണക്ഷൻ കൊടുക്കുകയും ഇടമലക്കുടി, ആറളം, റോസ്മല, അമ്പൂരി എന്നീ മലയോര മേഖലകളിൽ വൈദ്യുതിയെത്തിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. പുതിയ ജലസ്രോതസ്സുകൾ കണ്ടെത്താനും ജലാശയങ്ങളും പരിസ്ഥിതിയും പ്രകൃതി വിഭവങ്ങളും സംരക്ഷിക്കാനും സർക്കാർ സ്വീകരിച്ചിട്ടുള്ള സമീപനം സ്വാഗതാർഹമാണ്. ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തി

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ 65 ഏക്കർ വിസ്തൃതിയുള്ള ഒരു ജലാശയമുണ്ടാക്കാൻ 20 കോടി രൂപ ആദ്യഗഡുവായി അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ഐ.ടി., ടൂറിസം മേഖലകളിൽ പുതിയ പദ്ധതികൾ കൊണ്ടുവരാൻ കഴിഞ്ഞു. അടച്ചുപൂട്ടാൻ തീരുമാനിച്ച സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുകയും വിദ്യാഭ്യാസ വായ്പയിനത്തിലുണ്ടായിരുന്ന 900 കോടി രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കി. ആരോഗ്യവകുപ്പിൽ ഡോക്ടർമാരുടേതടക്കം 2700 തസ്തികകൾ സൃഷ്ടിച്ചു. പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു.

<u>ശ്രീ. വി.ഡി. സതീശൻ</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. ഈ വർഷം ജി.എസ്.ടി. നടപ്പാക്കുന്നതുകൊണ്ടാണ് ഈ ബില്ലിൽ നികുതി നിർദ്ദേശങ്ങൾ വേണ്ടെന്ന് തീരുമാനിച്ചിരിക്കുന്നത്. 2017 ജൂലൈ 1-ാം തീയതി കൊണ്ടുവരേണ്ട ജി.എസ്.ടി. ബിൽ പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയിട്ടും നിയമസഭയിൽവച്ച് പാസ്സാക്കാത്തത് ദൗർഭാഗ്യകരമാണ്. ജി.എസ്.ടി.-യെക്കുറിച്ചുള്ള ഉത്കണ്ഠയും സംശയങ്ങളും പരിഹരിച്ച് നിയമസഭയിലെ ചർച്ചകൾക്കുശേഷം പാസ്സാക്കപ്പെടേണ്ട ബിൽ ഓർഡിനൻസായി കൊണ്ടുവന്ന് നടപ്പാക്കാനുള്ള നീക്കത്തെ എതിർക്കുന്നു. അന്തർസംസ്ഥാന നികുതി ബന്ധങ്ങളിൽ

ഒരു യൂണിഫോമിറ്റി വരുത്തുമെന്നും നികുതിക്കുമേൽ നികുതി ഉണ്ടാകില്ലെന്നും ലോക രാജ്യങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ നികുതി ഈടാക്കുന്ന രാജ്യം ഇൻഡ്യയാണെന്നുള്ള കുറവ് പരിഹരിച്ച് മറ്റുള്ള ഉൽപ്പന്നങ്ങളുമായി കോമ്പീറ്റ് ചെയ്യാൻ പാകത്തിൽ നികുതി സമ്പ്രദായം പൂർണ്ണമായി പരിഷ്കരിക്കപ്പെടുമെന്ന് പറഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ എന്തുകൊണ്ടാണ് ജി.എസ്.ടി.-ക്ക് എതിരായി സംസാരിക്കുന്നതെന്ന് വ്യക്തമാക്കണം. ജി.എസ്.ടി. നടപ്പാക്കി കഴിയുമ്പോൾ നികുതി ഭാരം കുറയുന്നതോടൊപ്പം വിലയും കുറയണം. എന്നാൽ കോർപ്പറേറ്റ് കമ്പനികൾ വില കുറയ്ക്കാൻ തയ്യാറാകുമോ എന്നതാണ് പരിശോധിക്കേണ്ടത്. ജി.എസ്.ടി.-യുടെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ലോട്ടറിക്ക് നിർബന്ധമായും നികുതി ഏർപ്പെടുത്തണം. സേവനാധിഷ്ഠിത സംസ്ഥാനമായ കേരളത്തിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് നികുതി വരുമാനത്തിലുണ്ടാകുന്ന വർദ്ധന സംബന്ധിച്ച് നികുതി വകുപ്പോ ഏതെങ്കിലും ഗവേഷണ സ്ഥാപനങ്ങളോ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. എല്ലാ ആളുകളെയും നികുതിയുടെ നെറ്റ്‌വർക്കിലേയ്ക്ക് കൊണ്ടുവരാൻ ജി.എസ്.ടി. എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം.

സംസ്ഥാനത്ത് സെയിൽസ് ടാക്സ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയവർക്കെതിരെ ഡിപ്പാർട്ടുമെന്റൽ നടപടി സ്വീകരിക്കുന്നതിനും നികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം. ചെക്ക്പോസ്റ്റുകൾ വീണ്ടും അഴിമതി കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ വകുപ്പുമന്ത്രി അന്വേഷണം നടത്തണം. പഞ്ചായത്ത് ബില്ലുകൾക്ക് പേമെന്റ് നൽകാൻ സാധിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പല നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭനാവസ്ഥയിലാണ്. ബേക്കറികളിൽ ഉപയോഗിക്കുന്ന ഭക്ഷ്യ എണ്ണയ്ക്ക് കുറഞ്ഞ നികുതി ഈടാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കഴിഞ്ഞ ബഡ്ജറ്റിൽ ലക്ഷ്യമിട്ടതുപോലെ നികുതി വരുമാനത്തിൽ ഉദ്ദേശിച്ചത്ര വർദ്ധനവ് ഉണ്ടായിട്ടില്ല. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുക എന്ന ഫിനാൻസ് ബില്ലിന്റെ ലക്ഷ്യം സാധൂകരിക്കുന്നതിനുവേണ്ടിയാണ് ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചത്. ആംനസ്റ്റി സ്കീമിൽ ചില ഇളവുകൾ നൽകി ഈ വർഷം 2500 കോടി രൂപയെങ്കിലും നികുതിയിനത്തിൽ സമാഹരിക്കും. കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കും. ഈ വർഷം സംസ്ഥാനത്തെ എല്ലാ സിസ്റ്റവും ജി.എസ്.ടി.-യിലേയ്ക്ക് മാറ്റപ്പെടുകയാണ്. പുതിയ സിസ്റ്റത്തിലേയ്ക്ക്

മാറുമ്പോഴുണ്ടാകുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 2010-11 വരെയുള്ള എല്ലാ കേസുകളിലും ആംനസ്റ്റി സ്കീം ബാധകമാക്കും. കെട്ടിക്കിടക്കുന്ന അപ്പീൽ കേസുകളും അസസ്മെന്റ്/റീ-അസസ്മെന്റുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും. സ്വർണ്ണത്തിന് മുൻകാല പ്രാബല്യത്തോടെ ഏർപ്പെടുത്തിയ വാങ്ങൽ നികുതി സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ തീരുമാനമെടുക്കാം. ജി.എസ്.ടി. നിയമം ഈ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിയാത്തതിൽ ഖേദമുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ സർക്കാർ കൂടുതൽ ഇടപെടുന്നതിനാൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ കൂടുതൽ നികുതി കേരളത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. വാറ്റ് ഉപയോഗിച്ചപ്പോൾ നികുതി വരുമാനം വർദ്ധിച്ചെങ്കിലും സംസ്ഥാനത്തിന്റെ സ്വതന്ത്രമായ നികുതിയധികാരം നഷ്ടപ്പെടുകയാണുണ്ടായത്. കഴിഞ്ഞ വർഷം ആഢംബര വസ്തുക്കൾക്ക് ഇരുപത് ശതമാനം നികുതി ചുമത്തിയെങ്കിലും പിറ്റേ വർഷം അത് പിൻവലിക്കേണ്ട അവസ്ഥ സംജാതമായി. ജി.എസ്.ടി.-യുടെ ഗുണകരമായ ഉപയോഗത്തിനുള്ള സാധ്യതകൾ പരിശോധിക്കും. കേരളത്തിൽ എൻട്രി ടാക്സ് ഇല്ലാത്തതിനാൽ ആർക്കും പുറത്തുനിന്ന് സാധനങ്ങൾ കൊണ്ടുവരാൻ സാധിക്കും. സ്വന്തം ഉപയോഗത്തിനുള്ള സാധനങ്ങളുടെ മേൽ നികുതി ചുമത്താൻ സാധിക്കില്ല. ഇത്തരത്തിലുള്ള നികുതി ചോർച്ച വളരെ വലുതാണ്. 50,000/- രൂപയ്ക്ക് മുകളിൽ സാധനം വാങ്ങുമ്പോൾ

ബില്ലിൽ കൃത്യമായി അഡ്രസ്സ് കൊടുത്താൽ നികുതി ഗവൺമെന്റിനുതന്നെ ലഭിക്കും. സംസ്ഥാനത്ത് സേവന നികുതി ഇനത്തിൽ എത്ര രൂപ കിട്ടിയിട്ടുണ്ടെന്ന് ഇപ്പോൾ കൃത്യമായി പറയാൻ സാധിക്കില്ല. എന്നാൽ ജി.എസ്.ടി. വന്നുകഴിഞ്ഞാൽ ഓരോ സംസ്ഥാനത്തുമുള്ള ട്രാൻസാക്ഷന് അതാത് സംസ്ഥാനത്തിനുതന്നെ നികുതി ലഭിക്കുന്നതിലൂടെ വരുമാനം കുറച്ച് കാണിച്ച് നികുതി നൽകാതിരിക്കുന്ന വ്യാപാരികളുടെ വരുമാനം 50 ലക്ഷം രൂപയിൽ താഴെയാണെങ്കിൽ അര ശതമാനവും 50 ലക്ഷം മുതൽ ഒരു കോടി രൂപവരെയാണെങ്കിൽ ഒരു ശതമാനവും ഒരു കോടി രൂപയ്ക്ക് മുകളിലാണെങ്കിൽ 2 ശതമാനവും നികുതി നൽകണം. കേരളത്തിൽ പതിനാലര ശതമാനം നികുതി വാങ്ങിക്കൊണ്ടിരുന്ന ചരക്കുകൾക്കുള്ള നികുതി ജി.എസ്.ടി. വരുമ്പോൾ 28 ശതമാനമാകും. സംസ്ഥാന ഗവൺമെന്റ് നികുതി കൂട്ടണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടില്ല, എന്നാൽ റവന്യൂ വരുമാനം കുറയരുതെന്ന് പറഞ്ഞിട്ടുണ്ട്. നികുതിയിളവിന്റെ ഫലമായി എം.ആർ.പി.-യിൽ മാറ്റം വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അതിന് തയ്യാറല്ലെങ്കിലും കേരള സർക്കാർ എം.ആർ.പി.-യിൽ മാറ്റം വരുത്തും. കോർപ്പറേറ്റുകൾ വൻകൊള്ളയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ജി.എസ്.ടി. വന്നതിന്റെ നേട്ടം ജനങ്ങൾക്കാണ് കിട്ടേണ്ടത് കോർപ്പറേറ്റുകൾക്കല്ല. ഇവിടെ മറ്റൊരു ഡിമാന്റ് വന്നത് വളത്തിന്

നികുതി ഇല്ലാതാകുമോ എന്നതാണ്. വ്യവസായ ഉൽപ്പന്നങ്ങൾക്ക് നികുതി ഇല്ലാതായാൽ ആ വ്യവസായം തകർന്നുപോകും. അതാണ് ജി.എസ്.ടി.-യുടെ പ്രത്യേകത. ഇപ്പോൾ ന്യൂസ്പ്രിന്റിനുമേൽ 5 ശതമാനം നികുതിയുണ്ട്. കാരണം, അവർ വാങ്ങുന്ന അസംസ്കൃത വസ്തുക്കൾക്ക് നികുതിയുണ്ട്. ആ നികുതിക്ക് സെറ്റ് ഓഫ് കിട്ടണമെങ്കിൽ വിൽക്കുമ്പോൾ നികുതി ലഭിക്കണം. ബിൽ കൃത്യമായി ഉണ്ടാകുന്നതുകൊണ്ട് നികുതി വരുമാനം കൂടും. ജി.എസ്.ടി. നടപ്പാക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും ഗവൺമെന്റ് എടുത്തുകഴിഞ്ഞു. കമ്മീഷണറും സെക്രട്ടറിയുമൊക്കെ ഈ നിയമമുണ്ടാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇ-കൊമേഴ്സ് വഴി ഒരു സാധനം ഓർഡർ ചെയ്യുകയാണെങ്കിൽ അതിന്റെ നികുതി നേരത്തെ കേന്ദ്ര ഗവൺമെന്റിനാണ് കിട്ടിക്കൊണ്ടിരുന്നതെങ്കിൽ ഇനിമുതൽ സംസ്ഥാന ഗവൺമെന്റിന് ലഭിക്കും. വാറ്റ് നികുതിയിൽ നിന്നും ജി.എസ്.ടി.-യിലേയ്ക്ക് പോകുന്നത് വളരെ ലളിതമായ കാര്യമാണ്. വാറ്റ് നിയമത്തിന്റെ എക്സ്റ്റെൻഷൻ മാത്രമാണ് ജി.എസ്.ടി. കമ്പ്യൂട്ടറൈസേഷന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എല്ലാ കാര്യങ്ങളും ഇ-ഫയലിംഗാണ്, ഇ-പേമെന്റാണ്. ഊടുവഴികളിലൂടെ എത്തുന്ന ചരക്കുവാഹനങ്ങളുടെ ചിത്രമെടുക്കുന്ന തരത്തിൽ ചെക്ക്പോസ്റ്റുകൾ നവീകരിക്കും. ഈ വാഹനങ്ങളുടെ നമ്പർ കമ്പ്യൂട്ടറിൽ നൽകിയാൽ ഏത് സംസ്ഥാനങ്ങളിൽ

നിന്നാണോ ചരക്ക വാങ്ങിയത്, അവിടെ നികുതി നൽകിയിട്ടുണ്ടോ എന്നറിയാൻ സാധിക്കും. ലോട്ടറിക്ക് 28 ശതമാനം നികുതി വേണമെന്ന ഗവൺമെന്റിന്റെ നിലപാട് സ്വകാര്യ ലോട്ടറി ലാഭകരമല്ലാതാക്കും. കേന്ദ്ര സർക്കാർ നികുതി കൂട്ടുമ്പോഴൊക്കെ സംസ്ഥാന ഗവൺമെന്റ് നികുതി കുറയ്ക്കുകയില്ല. കേന്ദ്ര സർക്കാർ നികുതി കൂട്ടുന്നത് ഒഴിവാക്കണം എന്നുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. റബ്ബറിനുള്ള കുടിശ്ശിക കൊടുക്കുന്നതിന് തടസ്സമുണ്ടാകില്ല. റബ്ബർ ബോർഡ് നിർത്തലാക്കുന്നതിനെതിരെ കേരളം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ശക്തമായ നിലപാട് സ്വീകരിക്കണം. എം.ഡി.ആർ. റോഡുകളും അല്ലാത്തവയും പി.ഡബ്ല്യു.ഡി.-ക്ക് സറണ്ടർ ചെയ്യുകയാണെങ്കിൽ എ.എസ്. നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. കിഫ്ബിയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനയോഗം നടത്തുകയും ഓരോ പ്രോജക്റ്റിന്റേയും നടത്തിപ്പും ഫോളോ അപ്പിനുമായി സർക്കുലർ ഇറക്കുന്നതുമാണ്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിവയിൽ മാറിമാറി വന്ന സർക്കാരുകൾ വൻ മുതൽമുടക്കാണ് നടത്തിയത്. നികുതി വെട്ടിപ്പ് തടയുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ നികുതി വകുപ്പ് നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കർശന പരിശോധനകളുമായി വിജിലൻസിന്റെ പ്രവർത്തനം മുന്നോട്ട് പോകുന്നതോടൊപ്പം എറണാകുളത്ത് ഉദ്യോഗസ്ഥരുടെ

കൃത്യനിർവ്വഹണത്തിന് തടസ്സം നിന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. മുൻ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ച് അസസ്മെന്റിലെ പിഴവുകൾ നികത്തി സർക്കാരിന് ലഭിക്കേണ്ട നികുതി ഈടാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കുടിശ്ശികയിനത്തിൽ അനുവദിച്ച 112 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. മാച്ചിംഗ് ഗ്രാന്റ് വയ്ക്കുന്നതിൽ സർക്കാർ നടപടി സ്വീകരിക്കുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് നെല്ല് സംഭരിക്കുമ്പോൾ നൽകുന്ന ബില്ല് കർഷകർ സഹകരണ ബാങ്കുകളിൽ സമർപ്പിച്ചാൽ പണം അനുവദിക്കുന്നതിനും പലിശയിനത്തിലെ തുക സർക്കാർ നേരിട്ട് സഹകരണ ബാങ്കുകൾക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശികയായി ലഭിച്ച 131 കോടി രൂപ വിതരണം ചെയ്യുകയും ലഭിക്കേണ്ട കുടിശ്ശിക സമയബന്ധിതമായി നേടിയെടുക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതുമാണ്. ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2017-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ

അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

## X അറിയിപ്പ്

### ചലച്ചിത്രപ്രദർശനം

2016-ലെ മികച്ച ചലച്ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് നേടിയ 'മാൻഹോൾ' എന്ന സിനിമയുടെ പ്രദർശനം വൈകുന്നേരം 6.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ മെമ്പേഴ്സ് ലോഞ്ചിൽ നടത്തുന്നതാണ്. എല്ലാ അംഗങ്ങളും പ്രദർശനത്തിന് എത്തിച്ചേരേണ്ടതാണ്.

സഭ വൈകുന്നേരം 3.43-ന് പിരിഞ്ഞു.

***********